3667
18/2/17

# കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്- കൊല്ലം സോഷ്യൽ ഫോറസ്ട്രി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ശ്രീമതി.ഡി.അനിത, ഹെഡ് അക്കൗണ്ടന്റ്, ശ്രീ.ചാൾസ് സി ഫെർണാണ്ടസ്, ഡ്രൈവർ, എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.61/2017/വനം — തീയതി, തിരുവനന്തപുരം, 15.02.2017.

പരാമർശം:- 1) 04.02.2015 ലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ 2 (എസ് സി3/14/കെഎൽഎം)978/2014 നമ്പർ കത്ത്

2) 08.04.2015 ലെ വിജിലൻസ് വകുപ്പിന്റെ 1643/ഇ 4/15/വിജി നമ്പർ കത്ത്

3) 01.10.2016 ലെ 4353/എ 1/2015/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

4) 05.11.2016 തീയതിയായി ശ്രീമതി.ഡി.അനിത, ജൂനിയർ സൂപ്രണ്ട്, 16.11.2016 തീയതിയായി ശ്രീ.ചാൾസ് സി ഫെർണാണ്ടസ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക

5) 27.12.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി9-40638/2013 നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം സോഷ്യൽ ഫോറസ്ട്രി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാമർശം (1), (2) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം ശ്രീമതി.ഡി.അനിത, ഹെഡ് അക്കൗണ്ടന്റ്, ശ്രീ.ചാൾസ് സി ഫെർണാണ്ടസ്, ഡ്രൈവർ, എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി

2. ശ്രീമതി ഡി.അനിതയ്ക്കെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്:

1) She did not maintain the cash book serially numbered and get it certified by the Chief Conservator of Forest, Social Forestry, Kollam.

2) There by she committed grave dereliction of duty.

3. ശ്രീ.ചാൾസ് സി ഫെർണാണ്ടസിനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്:

1) He did not maintain the log book of KL-01-AH-1397 Tata Indica Car serially numbered and certified. In log book, purpose of journies were not seen entered. A difference of 194 Kms was noticed from the verification of log book and the car. Regarding the improper maintenance of log book, audit reply is not seen furnished. Validity of Fuel

Consumption Certificate of KL-01-AH-1397 Tata Indica Car was expired on 6.3.2014 and not seen renewed.

2) Thereby he committed grave dereliction of duty

4. കുറ്റാരോപിതർ കുറ്റപത്രത്തിന് പരാമർശം (4) പ്രകാരം പ്രതിവാദ പത്രികകൾ സമർപ്പിച്ചതിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (5) പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി.

5. പ്രതിവാദ പത്രികയിലെ പ്രധാന വാദങ്ങളും അതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ അഭിപ്രായവും ചുവടെ ചേർക്കുന്നു:

1. ശ്രീമതി ഡി അനിത, ഹെഡ് അക്കൗണ്ടന്റ്

ക്യാഷ് ബുക്കിൽ പേജ് നമ്പർ അച്ചടിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ തലവനായ സീനിയർ സൂപ്രണ്ട് ക്യാഷ് ബുക്ക് സർട്ടിഫൈ ചെയ്തിട്ടുമുണ്ട്. കുറ്റപത്രത്തിൽ പറയുന്നതുപോലെ അന്വേഷണ റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടില്ലായെന്നും ഗവൺമെന്റിൽ നിന്നും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിൽ ക്യാഷ് ബുക്ക് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നും പേജ് നമ്പർ ചെയ്തിട്ടുണ്ടെന്നും നന്നായി സൂക്ഷിക്കുന്നുണ്ടെന്നും പറഞ്ഞിരിക്കുന്നു.

അഭിപ്രായം

ക്യാഷ് ബുക്ക് മെഷീൻ നമ്പർ ചെയ്തിരുന്നുവെന്നും എന്നാൽ ചെക്ക് ഡ്രോയിംഗ് ഓഫീസറായ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പകരമായി സീനിയർ സൂപ്രണ്ടിനെക്കൊണ്ട് ഒപ്പിടുവിച്ച നടപടി ശരിയല്ലായെന്നും അത് ചെറിയ പിഴവായി കണക്കാക്കി ടിയാളെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്യുകയുണ്ടായി.

2. ശ്രീ.ചാൾസ് സി ഫെർണാണ്ടസ്

KL-01-AH-1397-ാം നമ്പർ ഇൻഡിക്ക കാർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, കൊല്ലം സോഷ്യൽ ഫോറസ്ട്രി ഓഫീസിൽ ലഭിച്ചത് 02.05.2012 ൽ ആണെന്നും അതിനു മുമ്പ് 13.06.2010 മുതൽ തിരുവനന്തപുരം വനം വകുപ്പ് ആസ്ഥാനത്ത് ആണ് ടി വാഹനം ഉപയോഗിച്ചിരിക്കുന്നതെന്നും നിലവിലുള്ള ലോഗ് ബുക്ക് ടി ഓഫീസിൽ ഉപയോഗിച്ച് കൊണ്ടിരുന്നതാണെന്നും ടി ലോഗ് ബുക്കിൽ പേജ് നമ്പരിട്ട് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിരുന്നില്ല എന്ന കാര്യം ടിയാന്റെ ശ്രദ്ധയിൽപ്പെടാത്തതാണെന്നും വാഹനം പുതുതായി ഓടി തുടങ്ങുമ്പോഴാണ് ലോഗ് ബുക്കിൽ പേജ് നമ്പർ, സർട്ടിഫിക്കറ്റ് രേഖപ്പെടുത്തൽ എന്നിവ ചെയ്യാറുള്ളതെന്നും 10.03.2016 ൽ ലോഗ് ബുക്കിൽ പേജ് നമ്പരിട്ട് ആവശ്യമായ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയും ഓഡിറ്റ് ഇൻസ്പെക്ഷന് മറുപടി നൽകിയിട്ടുള്ളതുമാണ്.

ഇംഗ്ലീഷിൽ ലോഗ് ബുക്ക് എഴുതിയിരുന്നത് വാഹനത്തിന്റെ കസ്റ്റോഡിയനായ ഓഫീസർ ആയതിനാൽ ലോഗ് ബുക്കിൽ ഓരോ യാത്രയുടെ ഉദ്ദേശം രേഖപ്പെടുത്തിയിരുന്നില്ല എന്ന കാര്യം ടിയാന് മനസ്സിലാക്കാൻ സാധിച്ചില്ല. വാഹനം ഓടിച്ചിരുന്ന തീയതി, സമയം സന്ദർശിച്ച സ്ഥലങ്ങൾ. മീറ്റർ റീഡിംഗ് എന്നിവ മാത്രമേ ടിയാൻ ശ്രദ്ധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്താറുണ്ടായിരുന്നുള്ളൂ.

ടിയാന്റെ ഓഫീസർ അമേരിക്കയിൽ പരിശീലനത്തിനു പോയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എയർപോർട്ടിലേയ്ക്ക് 18.05.2014 ൽ നടത്തിയ യാത്രയുടെ വിവരം അന്നേ ദിവസം തന്നെ ലോഗ് ബുക്കിൽ എഴുതാതിരുന്നതാണ് മീറ്റർ റീഡിംഗ് സംബന്ധിച്ച് ചൂണ്ടിക്കാണിച്ച വ്യത്യാസത്തിനു കാരണം. ടി ദിവസം എയർപോർട്ടിൽ എത്താൻ താമസിച്ചതു മൂലം വാഹനത്തിൽ നിന്നും ഇറങ്ങി ഓഫീസർ തിടുക്കത്തിൽ എയർപോർട്ടിനകത്തേയ്ക്ക് പോയതിനാൽ ലോഗ് ബുക്ക് എഴുതി സാക്ഷ്യപ്പെടുത്താൻ സാധിച്ചില്ല. ലോഗ് ബുക്ക് ഓഫീസർ തന്നെ എഴുതുന്ന രീതി തുടർന്നു വന്നതിനാലാണ് 18.05.2014 ലെ യാത്ര സംബന്ധിച്ച വിവരം ടിയാൻ ലോഗ് ബുക്കിൽ രേഖപ്പെടുത്താതിരുന്നത്. ടി ഓഫീസർ അമേരിക്കയിൽ നിന്ന് മടങ്ങി വന്നതിനുശേഷമാണ് 18.05.2014 ലെ ലോഗ് ബുക്ക് എഴുതി സാക്ഷ്യപ്പെടുത്താൻ കഴിഞ്ഞത്. ഫ്യൂവൽ കൺസംപ്ഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി 06.03.2014 ൽ അവസാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും ഇത് മന:പൂർവ്വമല്ലാതെ സംഭവിച്ചുപോയതാണെന്നും പുതിയ സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് കാണിച്ച് 23.05.2014 ൽ ടിയാൻ അപേക്ഷ കൊടുത്തിട്ടുമുണ്ട്. 19.06.2014 ൽ സർട്ടിഫിക്കറ്റിനുവേണ്ടി ഓഫീസിൽ നിന്നും ബന്ധപ്പെട്ട അധികാരികൾക്ക് എഴുതിയിട്ടുള്ളതും 03.07.2014 ൽ ടി വാഹനം എഞ്ചിൻ പണിക്കുവേണ്ടി വർക്ക്ഷോപ്പിൽ കയറ്റിയിട്ടുള്ളതും ഇതുവരെ പണികഴിഞ്ഞ് തിരികെ ലഭിച്ചിട്ടില്ലാത്തതും ടി കാരണത്താൽ വാഹനത്തിന്റെ ലോഗ് ബുക്ക് 03.07.2014 നു ശേഷം എഴുതിയിട്ടില്ലാത്തതുമാണ്.

അഭിപ്രായം:

ലോഗ് ബുക്ക് പുതുതായി തുടങ്ങുമ്പോഴാണ് നമ്പരിടുകയും സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയും ചെയ്യുക എന്ന വാദം ശരിയാണെങ്കിലും മുൻപ് അപ്രകാരം ചെയ്തിട്ടില്ലെങ്കിൽ ടിയാന് അതു ചെയ്യാമായിരുന്നുവെന്നും, യാത്രയുടെ ആവശ്യകത ലോഗ് എഴുതുന്ന ഓഫീസർ തന്നെയാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ ടി കാര്യത്തിൽ ടിയാൻ കുറ്റക്കാരനല്ല എന്നും, 194 കി.മീ.ന്റെ വ്യത്യാസം ടിയാൻ വിശദീകരിച്ചത് അംഗീകരിക്കാമെന്നും, ഓഡിറ്റ് പരാമർശത്തിന് ഓഫീസിൽ നിന്നാണ് മറുപടി നൽകേണ്ടതെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായപ്പെട്ടിരിക്കുന്നു. എന്നാൽ ഇന്ധന ഉപഭോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് കാലാവധി കഴിയുന്നതിനുമുമ്പ് ഓഫീസ് മുഖേന പുതുക്കാൻ നടപടി സ്വീകരിക്കേണ്ടത് ഡ്രൈവറുടെ ചുമതലയാണ്. ഇതിൽ ടിയാന് വീഴ്ച പറ്റിയിട്ടുണ്ട് എന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചു. ടി ഡ്രൈവറുടെ ഭാഗത്തു നിന്നും താരതമ്യേന ചെറിയ പിഴവാണ് സംഭവിച്ചതെന്നും അതിനാൽ ദയാപരമായ സമീപനം സ്വീകരിച്ച് ടിയാന് കർശന താക്കീത് നൽകി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്യുകയുണ്ടായി.

6. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ക്യാഷ് ബുക്ക്, ചെക്ക് ഡ്രോയിംഗ് ഓഫീസറായ ചീഫ് കൺസർവേറ്ററെക്കൊണ്ട് സർട്ടിഫൈ ചെയ്യണമായിരുന്നു. അല്ലാതെ സീനിയർ സൂപ്രണ്ടിനെക്കൊണ്ടല്ല സർട്ടിഫൈ ചെയ്യുന്നത്. ശ്രീമതി ഡി.അനിത ടിയാളുടെ പ്രതിവാദ പത്രികയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിൽ, ടിയാൾക്കെതിരെ നടപടി എടുക്കണമെന്ന് പറഞ്ഞിട്ടില്ലായെന്ന് വാദിക്കുന്നു. എന്നാൽ ടി മിന്നൽ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമായി തന്നെ 2 മുതൽ 5 വരെയുള്ള ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ

പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതിനു ശേഷമാണ്, ഗവൺമെന്റിൽ നിന്നും ഒരു ടീം പരിശോധന നടത്തിയത്. ടി പരിശോധനയിൽ ക്യാഷ് ബുക്ക് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെക്കൊണ്ട് സർട്ടിഫൈ ചെയ്തതായും പേജ് നമ്പറുള്ളതായും, നന്നായി സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തി. എന്നാൽ ഓഫീസിൽ മറ്റു പല ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു. 10.01.2016 തീയതിയായി ടിയാൾക്ക് നൽകിയിട്ടുള്ള കുറ്റപത്രം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അതിനാൽ ടി ക്യാഷ് ബുക്കിൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെക്കൊണ്ട് സർട്ടിഫൈ ചെയ്യാതിരുന്നത് ടിയാളുടെ ഭാഗത്തുള്ള വീഴ്ച തന്നെയാണ്.

7. ശ്രീ.ചാൾസ് സി ഫെർണാണ്ടസിന്റെ ഭാഗത്തു നിന്നും ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് പുതുക്കുന്നതിലും ലോഗ് ബുക്ക് പേജ് നമ്പരിടാത്തതും സർട്ടിഫൈ ചെയ്യാത്തതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ടിയാൻ തന്നെ ടിയാന്റെ പ്രതിവാദ പത്രികയിൽ ടി വസ്തുതകൾ സമ്മതിച്ചിട്ടുമുണ്ട്.

8. മേൽ സാഹചര്യത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ദയാപരമായ സമീപനം സ്വീകരിച്ച് മേലിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ സൂക്ഷ്മത വേണം എന്ന നിർദ്ദേശത്തോടെ "കർശന താക്കീത്" നൽകി ശ്രീമതി.ഡി.അനിത, ജൂനിയർ സൂപ്രണ്ട്, ശ്രീ.ചാൾസ് സി ഫെർണാണ്ടസ്, ഡ്രൈവർ എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിൽകുമാർ.ജി
അഡീഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീമതി .അനിത.ഡി., ജൂനിയർ സൂപ്രണ്ട്
ശ്രീ.ചാൾസ് സി ഫെർണാണ്ടസ്,
സീനിയർ ഗ്രേഡ് ഡ്രൈവർ
} (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
വിജിലൻസ് (ഇ) വകുപ്പ്
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ